## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2024** **7/07/2015-ൽ മറുപടിക്ക്**

# കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ പൂഴിക്കോൺ പട്ടികജാതി കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ നൽകുന്നത് സംബന്ധിച്ച് നൽകിയിരുന്ന പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;<br><br>(ബി) പ്രസ്തുത കണക്ഷൻ നൽകുന്നതിന് ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ; ഇതിന്റെ തുടർ നടപടികൾ അറിയിക്കാമോ ? | **(എ)യും (ബി)യും.**<br><br>കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ മുളക്കുളം പഞ്ചായത്തിൽ, പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ കുടിവെള്ള പദ്ധതിക്കുവേണ്ടി നൽകിയിരുന്ന 22870 എന്ന വൈദ്യുതി കണക്ഷൻ, ബിൽ തുകയായ 41464/-രൂപ ഒടുക്കാത്തതിനാൽ 17.03.2009 ൽ വിച്ഛേദിച്ചിട്ടുള്ളതാണ്. കുടിശ്ശിക തുക ഒടുക്കാത്തതിനാൽ വൈദ്യുതി ബന്ധം പുന:സ്ഥാപിച്ചിട്ടില്ല.<br><br>കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ റെഗുലേഷൻ 136 (5) പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 31.10.2014ലെ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി വഴി പരിഗണിക്കേണ്ടിയിരുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഓഫീസുകളിൽ സമർപ്പിക്കേണ്ടിയിരുന്ന സമയപരിധി 01.12.2014 വരെ മാത്രമായിരുന്നത് പിന്നീട് 31.12.2014 വരെ നീട്ടി അനുവദിക്കുകയും ഉണ്ടായി. പ്രസ്തുത കുടിവെള്ള പദ്ധതി വിഷയത്തിൽ |

കെ.എസ്.ഇ.ബി.യുടെ ബന്ധപ്പെട്ട ഓഫീസിൽ അപേക്ഷ ലഭിച്ചത് 14.01.2015-ലാണ്. ആയതിനാൽ ടി അപേക്ഷ പരിഗണിക്കാൻ കഴിയാതെ വരികയാണുണ്ടായത്.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ റെഗുലേഷൻ 136 (5) പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടു കൂടി കുറച്ചു കാലത്തേക്കു മാത്രമേ നടപ്പാക്കാൻ കഴിയൂ. അതിൻപ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആദ്യം 01.12.2014 വരെ അനുവദിക്കുകയും തുടർന്ന് 31.12.2014 വരെ ദീർഘിപ്പിക്കുകയുമാണ് ഉണ്ടായിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**